# അക്കാദമിക മാസ്റ്റർ പ്ലാൻ '25

VMBS GVHSS

തലയോലപ്പറമ്പ്

Scanned with OKEN Scanner

# അക്കാദമിക മാസ്റ്റർ പ്ലാൻ

## വൈക്കം മുഹമ്മദ് ബഷീർ സ്മാരക വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ തലയോലപ്പറമ്പ്.

| | | |
|---|---|---|
| റവന്യൂ ജില്ല | : | കോട്ടയം |
| സ്കൂൾ കോഡ് | : | 45014 |
| സ്കൂളിന്റെ പേര് | : | വൈക്കം മുഹമ്മദ് ബഷീർ സ്മാരക V.H.S.S, തലയോലപ്പറമ്പ് |
| മേൽവിലാസം | : | തലയോലപ്പറമ്പ് P.O.<br>PIN: |
| ഫോൺ | : | 8281712098 |
| email address | : | Vmbs45014@gmail.com |
| ഗ്രാമപഞ്ചായത്ത് | : | തലയോലപ്പറമ്പ് |
| വിദ്യാഭ്യാസ ജില്ല | : | കടുത്തുരുത്തി |
| സബ് ജില്ല | : | വൈക്കം |
| ക്ലാസുകൾ | : | 8 മുതൽ 12 വരെ |
| മാനേജ്മെന്റ് | : | ഗവൺമെന്റ് |
| പഠനമാധ്യമം | : | മലയാളം |

Govt. H.S. For Boys
686 605
Thalayolaparambu

സർ,

മഹാനായ സാഹിത്യകാരൻ ശ്രീ. വൈക്കം മുഹമ്മദ് ബഷീറിന്റെ കാല്പാടുകൾ പതിഞ്ഞ മണ്ണിൽ അദ്ദേഹത്തിന്റെ സ്മരണക്കായി നാമകരണം ചെയ്യപ്പെട്ട വിദ്യാലയമാണ് കോട്ടയം ജില്ലയിൽ തലയോലപ്പറമ്പ് പട്ടണത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന വൈക്കം മുഹമ്മദ് ബഷീർ സ്മാരക വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ. 100 വർഷത്തിലധികം ചരിത്രവും പാരമ്പര്യവുമുള്ള ഈ സ്കൂളിൽ ബഷീറിനെക്കൂടാതെ ധാരാളം മഹത്‌വ്യക്തികൾ അക്ഷരമഭ്യസിച്ചിട്ടുണ്ട്. വർഷങ്ങളായി SSLC, VHSE +2 പൊതുപരീക്ഷകളിൽ ഉന്നതവിജയം നേടുന്ന വിദ്യാലയമാണിത്.

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കിക്കൊണ്ട് അക്കാദമിക, കലാ, കായിക രംഗങ്ങളിൽ മികവു പുലർത്താൻ സ്കൂളിനു കഴിയുന്നുണ്ട്. എല്ലാവരെയും ഉൾപ്പെടുത്തിയിട്ടുള്ള inclusive education നു വേണ്ടി വൈവിധ്യമാർന്ന ബോധനതന്ത്രങ്ങൾ ആവിഷ്കരിച്ചു നടപ്പാക്കുന്നു.

പെൺകുട്ടികൾക്കായി സ്വയംപ്രതിരോധ പരിശീലനവും ഫലപ്രദമായ കൗൺസിലിംഗും നൽകിവരുന്നു.

Govt. H.S. For Boys, Thalayolaparambu, 686 605

സമഗ്രാസൂത്രണവും ദൈനംദിനാസൂത്രണവും നടത്തി മികവിന്റെ പാതയിലൂടെ സ്കൂളിനെ നയിക്കുന്ന ഒരധ്യാപകസമൂഹം നമുക്കുണ്ട്. ലഭ്യമായ പ്രാദേശിക വിഭവങ്ങൾ ഉൾപ്പെടുത്തിയുള്ള പഠനാസൂത്രണത്തിലൂടെ സ്കൂളിന്റെ സമഗ്രപുരോഗതിയാണ് ലക്ഷ്യമിടുന്നത്. മികച്ച അധ്യാപക രക്ഷാകർതൃബന്ധവും നിലനിർത്തിപ്പോരുന്നു.

ഹയർസെക്കണ്ടറി തലത്തിൽ കൃഷിയിലും കാർഷികേതര പ്രവർത്തനങ്ങളിലും പരിശീലനം നൽകുന്നു. പാഠ്യവിഷയങ്ങൾ കൂടാതെ ജൈവകൃഷി, പൂകൃഷി, പച്ചക്കറികൃഷി, ഔഷധതോട്ടനിർമാണം എന്നിവയിലും സസ്യപരിചരണത്തിലും മികവാർന്ന പരിശീലനമാണ് സ്കൂളിൽ നൽകിവരുന്നത്. ആധുനിക സാങ്കേതികവിദ്യ സഹായത്തോടുകൂടി അറിവുകൾ പുനർനിർമിച്ച് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുന്നു.

പരിസ്ഥിതി സൗഹൃദ, വിദ്യാർഥി സൗഹൃദ ക്ലാസ് അന്തരീക്ഷങ്ങൾ സ്കൂളിൽ നിലനിൽക്കുന്നു. ശുദ്ധജലലഭ്യത ധാരാളമായുള്ള സ്കൂൾ പരിസരമാണുള്ളത്.

<u>സ്കൂളിന് ആവശ്യം വേണ്ടുന്നവ</u>

1. ആരോഗ്യ കായികവിദ്യാഭ്യാസം ഫലപ്രദമായി നടപ്പിലാക്കാൻ സ്കൂളിന് നിലവിൽ ഉപകരണങ്ങളു

Govt. H.S. For Boys
686 605
Thalyolaparambu

ഒരു കളിസ്ഥലം ലഭ്യമല്ല. കളിസ്ഥലവും കളിയുപകരണങ്ങളും സ്ഥിരമായി ഒരു കായികാധ്യാപകനും സ്കൂളിന് ലഭ്യമാക്കിത്തരേണ്ടതുണ്ട്. സംസ്ഥാന സ്പെഷ്യൽ ഫുട്ബോൾ മത്സരത്തിൽ മികച്ച ടീം പ്ലെയർ ആയി തെരഞ്ഞെടുക്കപ്പെട്ട ഫുട്ബോൾ താരം നമ്മുടെ സ്കൂളിലെ 10-ാംതരം വിദ്യാർത്ഥി ആയിരുന്നു എന്നത് തികച്ചും അഭിമാനകരമാണ്. ഇങ്ങനെയൊരു ഫുട്ബോൾ താരത്തിന് പരിശീലനം നൽകാനുതകുന്ന ഒരു ടർഫ് ഗ്രൗണ്ട് സ്കൂളിന് അനുവദിച്ചു നൽകണം.

2. പാചകപ്പുരയും ഭക്ഷണശാലയും.

ഉച്ചഭക്ഷണത്തിന് വളരെ പോഷക സമ്പന്നമായ ആഹാരമാണ് കുട്ടികൾക്ക് നൽകിപ്പോരുന്നത്. പഴക്കം ചെന്ന ഉച്ചഭക്ഷണ പാചകപ്പുരയാണ് സ്കൂളിനുള്ളത്. കുട്ടികൾക്ക് ഭക്ഷണം കഴിക്കാൻ സൗകര്യമുള്ള ഭക്ഷണശാലയുമില്ല. ആയതിനാൽ ആധുനിക സൗകര്യങ്ങളോടുകൂടിയ പാചകപ്പുരയും ഭക്ഷണശാലയും ലഭ്യമാക്കിത്തരേണ്ടതുണ്ട്.

(3) ചുറ്റുമതിൽ നിർമ്മാണം.

4 ഏക്കറോളം വരുന്ന ഭൂമിയിൽ കുറച്ചുഭാഗം ചുറ്റുമതിൽ ചെയ്തിട്ടുണ്ടെങ്കിൽ BRC കെട്ടിടത്തിന്റെ പുറകുവശത്തുള്ള മതിൽ ഇക്കഴിഞ്ഞ മഴയിൽ തകർന്നുവീണിരിക്കയാണ്. ഇവിടം കൂടി ചുറ്റു

Govt. H. S. For Boys Thalayolaparambu

Scanned with OKEN Scanner

മതിൽ നിർമ്മിച്ചാൽ മാത്രമെ സ്കൂളിന്റെ സുരക്ഷ ഉറപ്പു വരുത്താൻ സാധിക്കുകയുള്ളൂ. നിലവിലുള്ള രീതിയിൽ മുമ്പോട്ടു പോയാൽ സാമൂഹിക വിരുദ്ധ ശല്യം ഉണ്ടായേക്കാം. നിലവിൽ സ്കൂളിൽ സാമൂഹ്യവിരുദ്ധർ പല വസ്തുക്കളും കൈവശപ്പെടുത്തി കഴിഞ്ഞു. അതിനാൽ ഈ ഭാഗത്തെ ചുറ്റുമതിൽ നിർമ്മിക്കാനുള്ള നടപടികൾ ഉണ്ടാവണം.

(4) കൗൺസലിംഗ് റൂം

കുട്ടികളിൽ കണ്ടു വരുന്ന വൈകാരിക മാനസിക പ്രശ്നങ്ങൾ നേരിടാൻ സ്കൂളിൽ സ്ഥിരമായി സൈക്കോ സോഷ്യൽ കൗൺസിലർ ഉണ്ട്. മികച്ച രീതിയിലുള്ള പ്രശ്നപരിഹാരം ഇതുവഴി സാധ്യമാകുന്നുണ്ട്. എന്നാൽ ഒരു കൗൺസലിംഗ് റൂമിന്റെ അപര്യാപ്തത നമുക്കുണ്ട്. സ്കൂളിന് ഒരു കൗൺസലിംഗ് റൂം അത്യാവശ്യമായി വേണം.

(5) പിന്നോക്ക പഠിതാക്കൾക്കുള്ള റൂം

വൈക്കം BRC യിൽ നിന്ന് നിയോഗിക്കപ്പെട്ട സ്പെഷ്യൽ ടീച്ചറുടെ സേവനം നമുക്ക് ലഭ്യമാണ്. ടീച്ചറിന്റെ സഹായത്തോടെ പിന്നോക്ക പഠിതാക്കൾക്ക് മികച്ച പഠനപിന്തുണ നൽകി

Govt. H.S. for Boys 686 605 Thalayolaparambu

Scanned with OKEN Scanner

വരുന്നു. ഇതിനായി പഠനോപകരണങ്ങളോട് കൂടി പ്രത്യേക മുറി അനുവദിക്കണം.

(5) ലാബുകൾ – കംപ്യൂട്ടർ, സയൻസ്

ലാബുകൾ നവീകരിക്കുന്നതിലേക്കായി സയൻസ് ലാബുകളിലേക്ക് പുതിയ പഠനസാമഗ്രികൾ അനുവദിച്ചു നൽകണം. പുതിയ കംപ്യൂട്ടറുകളും ലാപ്പുകളും കംപ്യൂട്ടർ ലാബിനു അനുവദിക്കണം.

(6) പുതിയ കെട്ടിടം

പഴയ കെട്ടിടത്തിലാണ് നിലവിൽ ഹൈസ്കൂളും ഹയർ സെക്കണ്ടറിയും പ്രവർത്തിക്കുന്നത്. പുതിയ കെട്ടിടം അനുവദിച്ചു നൽകി മികച്ച പഠന പഠനേതര പ്രവർത്തനങ്ങൾ നടക്കണം.

(7) ശുചിമുറികൾ

ആൺകുട്ടികൾക്കും അധ്യാപകർക്കുമായി പുതിയ ശുചിമുറികൾ അനുവദിക്കണം. ഇതോടൊപ്പം പെൺകുട്ടികൾക്കായി വിശ്രമമുറിയും അവശ്യം വേണ്ടുന്ന ഒന്നു തന്നെ. ആവശ്യത്തിനു ശുചിമുറികളും വിശ്രമമുറിയും അനുവദിച്ചു നൽകണം.

Govt. H.S. For Boys Thalayolaparambu

Scanned with OKEN Scanner

(8) കളിയുപകരണങ്ങളും കോർട്ടുകളും

കുട്ടികളുടെ മാനസിക കായികാരോഗ്യങ്ങൾക്കു വേണ്ടി മികച്ച നിലവാരത്തിലുള്ള ടർഫ് ഗ്രൗണ്ടിനോടൊപ്പം ബാഡ്മിന്റൺ, വോളിബോൾ കോർട്ടുകളും അനുവദിക്കണം. ഇവയോടൊപ്പം ആവശ്യത്തിനുള്ള കളിയുപകരണങ്ങളും അനുവദിച്ചുനൽകണം. ഇവയെല്ലാം മികച്ച കായികതാരങ്ങളെ രൂപപ്പെടുത്തിയെടുക്കാൻ ഈ വിദ്യാലയത്തെ സഹായിക്കുമെന്നതിൽ തർക്കമില്ല.

(9) ശുദ്ധജല വിതരണം – വാട്ടർ പ്യൂരിഫയർ

ഇതിനായി സ്കൂൾ കോമ്പൗണ്ടിനുള്ളിലെ വെള്ളക്കെട്ട് ഒഴിവാക്കിയെടുത്ത് കിണർജലം സംരക്ഷിക്കാനുള്ള നടപടികൾ ഉണ്ടാവണം. മഴക്കാലത്തുണ്ടാവുന്ന വെള്ളക്കെട്ട് നിർമാർജ്ജനം ചെയ്യുന്നതിനുള്ള നിലമുയർത്തൽ, ചാലു കീറൽ തുടങ്ങിയവക്ക് സാമ്പത്തിക സഹായം അനുവദിക്കണം. കൂടാതെ സ്കൂളിന്റെ വിവിധ ഭാഗങ്ങളിൽ വാട്ടർപ്യൂരിഫയറുകൾ സ്ഥാപിക്കാനുള്ള നടപടികളും ഉണ്ടാവണം.

Govt. H.S. For Boys Thalayolaparambu 686 605

Scanned with OKEN Scanner

(10) ക്യാമ്പസ് സൗന്ദര്യവൽക്കരണം.

മികച്ച ഒരു ക്യാമ്പസ് ആയതിനാൽ തന്നെ സ്കൂൾ സുന്ദരമായ ഒരു അന്തരീക്ഷം അർഹിക്കുന്നു. ക്യാമ്പസ് സുന്ദരമാക്കുന്നതിലേക്കായി മികച്ച ഒരു പൂന്തോട്ടവും അനുബന്ധ നിർമ്മിതികളും നടത്തുന്നതിലേക്ക് ആവശ്യമായ സാമ്പത്തികസഹായവും സർക്കാരിന്റെ ഭാഗത്തു നിന്നും സ്കൂൾ പ്രതീക്ഷിക്കുന്നു.

മേൽപറഞ്ഞ കാര്യങ്ങളിലെല്ലാം ശ്രദ്ധ ചെലുത്തി നമ്മുടെ വിദ്യാലയത്തെ കൂടുതൽ പുരോഗതിയിലേക്കുയർത്താൻ സാധിക്കും. എല്ലാ വിധത്തിലുമുള്ള പുരോഗതി നേടുന്ന, മാതൃകാ വിദ്യാലയമെന്ന് ഈ വിദ്യാലയം അറിയപ്പെടുമെന്ന് പ്രത്യാശിക്കുന്നു.

Govt. H.S. For Boys
686 605
Thalayolaparambu

SREERENJITH.G
PEN : 309875
HEADMASTER
VMBSGVHSS Thalayolaparambu

---